Tue ➳

# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അമ്പത്തിനാല്

## കുലുക്കമില്ലാത്ത രാജ്യം

ഈ ദൂതിൽ വളരെ ഗൗരവമുള്ള ഒരു വിഷയത്തിലേക്ക് നാം വരുന്നു—കുലുക്കമില്ലാത്ത രാജ്യം (12:25-29). നാം സ്വീകരിക്കുന്ന രാജ്യം കുലുക്കമില്ലാത്തതാണ് (വാ. 28). ഈ രാജ്യം കുലുക്കമില്ലാത്തതിനാൽ, ഇത് ഭൂമിയുടേതോ സ്വർഗത്തിന്റേതോ അല്ല. ഇത് ശക്തമായ ഒരു വാക്കാണ്. ഇങ്ങനെയുള്ള ഉപദേശപരമായ ഒരു മനസ്സ് നമുക്കുള്ളതുകൊണ്ട്, ഈ പ്രസ്താവനയോട് തർക്കിച്ചുകൊണ്ട് ചിലർ പറയും, "അപ്പോൾ സ്വർഗരാജ്യത്തെക്കുറിച്ചെന്താണ്? വേദപുസ്തകം ഇതിനെക്കുറിച്ച് സംസാരിക്കുന്നില്ലേ?" അതെ, പുതിയനിയമം സ്വർഗരാജ്യത്തെക്കുറിച്ച് സംസാരിക്കുന്നുവെങ്കിലും സ്വർഗം കുലുക്കപ്പെടുമെന്നും അതു പറയുന്നു (വാ. 26; ഹഗ്ഗാ. 2:6). സ്വർഗം കുലുക്കപ്പെടുമെന്നതു തെളിയിക്കുന്നത് നാം സ്വീകരിക്കുന്ന രാജ്യം സ്വർഗത്തിൽ നിന്നല്ല എന്നാണ്. കുലുക്കമില്ലാത്ത രാജ്യം, സ്വർഗരാജ്യം എന്നീ പദപ്രയോഗങ്ങൾ തമ്മിൽ ഒരു വൈരുദ്ധ്യമുണ്ടെന്ന് തോന്നാമെങ്കിലും, വാസ്തവത്തിൽ ഇവിടെ യാതൊരു വൈരുദ്ധ്യവുമില്ലെന്ന് പിന്നീട് നാം കാണും.

### I. പഴയ ഉടമ്പടിക്ക്, ഭൂമി കുലുങ്ങുന്നത് ഭൂമിയുടെമേലുള്ള ഒരു മുന്നറിയിപ്പാകുന്നു

പഴയ ഉടമ്പടിക്ക്, ഭൂമിയുടെമേലുള്ള ഒരു മുന്നറിയിപ്പായി ഭൂമി കുലുക്കപ്പെട്ടിരുന്നു (വാ. 25-26; പുറ. 19:18). സീനായി പർവതത്തിൽവച്ച് പഴയ ഉടമ്പടി നല്കപ്പെട്ടപ്പോൾ, ഭൂമി കുലുങ്ങി. ആ കുലുക്കം ഭൂമിയിലെ ജനത്തിനുള്ള ഒരു മുന്നറിയിപ്പായിരുന്നു.

### II. പുതിയ ഉടമ്പടിക്ക്, ഭൂമി മാത്രമല്ല സ്വർത്തിൽ നിന്നൊരു മുന്നറിയിപ്പായി സ്വർഗവും കുലുക്കപ്പെടണം

പുതിയ ഉടമ്പടിക്ക് ഒരു ദിവസം ഭൂമി മാത്രമല്ല, സ്വർഗത്തിൽ നിന്നൊരു മുന്നറിയിപ്പായി സ്വർഗവും കുലുക്കപ്പെടണം. ഇത് ഹഗ്ഗായി 2:6-ലെ വചനമനുസരിച്ചാണ്.

## III. കർത്താവും അവനിൽനിന്നു വരുന്നതും മാത്രം എന്നേക്കും നിലനിൽക്കുന്നു

ഭൂമിയും സ്വർഗവും കുലുക്കാനാവുന്നതാണ്. കർത്താവും അവനിൽനിന്നു വരുന്നതും മാത്രം എന്നേക്കും നിലനിൽക്കും (വാ. 27: 1:11: 13:8). ഇത് അർഥമാക്കുന്നത് നാം സ്വീകരിക്കുന്ന രാജ്യം കർത്താവിൽനിന്നുതന്നെ വരുന്നതാകുന്നു എന്നാണ്. സ്വർഗത്തെയും ഭൂമിയെയും കുറിച്ച് സംസാരിക്കുന്ന എബ്രായർ 1:11 പറയുന്നു, "അവ നശിച്ചുപോകും, നീയോ ശാശ്വതമായി നിലനിൽക്കുന്നു: അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും."

വാസ്തവത്തിൽ രാജ്യം നമ്മുടെ ഉള്ളിൽ രാജത്വമായ കർത്താവു തന്നെയാണ്. വിശ്വസിക്കുന്ന മൂലകമായി നമ്മുടെ ഉള്ളിലുള്ള കർത്താവു തന്നെയാണ് വിശ്വാസമെന്ന് നാം കണ്ടു. ഇപ്പോൾ അതേ തത്ത്വത്തിൽ രാജത്വമെന്ന നിലയിൽ കർത്താവു തന്നെയാണ് രാജ്യം. ഈ വിഷയം മനസ്സിലാക്കുന്നതിലുള്ള ഒരു സഹായമെന്ന നിലയിൽ നമുക്ക് ദാനിയേൽ 2:34-35 വായിക്കാം. "തിരുമനസ്സുകൊണ്ടു നോക്കിക്കൊണ്ടിരിക്കുമ്പോൾ കൈ തൊടാതെ ഒരു കല്ലു പറിഞ്ഞുവന്നു ബിംബത്തെ ഇരിമ്പും കളിമണ്ണുംകൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു. ഇരിമ്പും കളിമണ്ണും താമ്രവും വെള്ളിയും പൊന്നും ഒരുപോലെ തകർന്നു വേനൽക്കാലത്ത് കളത്തിലെ പതിർപോലെ ആയിത്തീർന്നു: ഒരിടത്തും തങ്ങാതവണ്ണം കാറ്റ് അവയെ പറപ്പിച്ചു കൊണ്ടുപോയി: ബിംബത്തെ അടിച്ച കല്ല് ഒരു മഹാപർവതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു." കൈ തൊടാതെ പറിഞ്ഞുവന്ന കല്ല് മനുഷ്യകരങ്ങളെക്കൂടാതെ ക്രൂശിൽവച്ച് വെട്ടിയെടുക്കപ്പെട്ടവനായ സ്വർഗീയ ക്രിസ്തുവാണ്. ബിംബത്തിന്റെ കാൽവിരലുകളെ പരാമർശിക്കുന്ന വാക്യം 44 പറയുന്നു, "ഈ രാജാക്കന്മാരുടെ കാലത്ത് സ്വർഗസ്ഥനായ ദൈവം ഒരുനാളും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും: ആ രാജത്വം വേറെ ഒരു ജാതിക്ക് ഏല്പിക്കപ്പെടുകയില്ല: അത് ഈ രാജത്വങ്ങളെ ഒക്കെയും തകർത്തു നശിപ്പിക്കയും എന്നേക്കും നിലനിൽക്കയും ചെയ്യും." വാക്യം 45-ഉം കല്ലിനെക്കുറിച്ചു പറയുന്നു, "കൈ തൊടാതെ ഒരു കല്ല് പർവതത്തിൽനിന്നു പറിഞ്ഞുവന്നു ഇരിമ്പും താമ്രവും കളിമണ്ണും വെള്ളിയും പൊന്നും തകർത്തുകളഞ്ഞു." ക്രിസ്തു എന്ന കല്ല് ആത്യന്തികമായി സർവഭൂമിയെയും നിറയ്ക്കുന്ന ഒരു മഹാപർവതമായിത്തീരുമെന്ന് ഈ വാക്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഈ മഹാപർവതമാണ് വരാനിരിക്കുന്ന രാജ്യം. ഇക്കാരണത്താൽ, നാം സ്വീകരിക്കുന്ന കുലുക്കമില്ലാത്ത രാജ്യം തന്റെ വികാസത്തോടുകൂടെയുള്ള ക്രിസ്തു ആണ്.

## IV. കർത്താവിൽനിന്നു വരുന്ന രാജ്യം കുലുക്കമില്ലാത്തതാകുന്നു

### A. രാജ്യത്തിനായി നാം മാനസാന്തരപ്പെട്ടു

പുതിയനിയമം നമ്മോടു പ്രസംഗിച്ച സുവിശേഷം രാജ്യത്തിന്റെ സുവിശേഷമാണ് (മത്താ. 3:1-2; 4:17, 23; 10:7; 24:14). രാജ്യത്തിനായി നാം മാനസാന്തരപ്പെട്ടു (മത്താ. 3:2). ഒരുപക്ഷേ നാം രക്ഷിക്കപ്പെട്ടപ്പോൾ ഇങ്ങനെയുള്ള വ്യക്തമായ ഒരു സുവിശേഷം നാം കേട്ടില്ലായിരിക്കും. ആ സമയത്ത് നരകത്തിൽ പോകുന്നതിനെക്കുറിച്ച് നാം ഭയപ്പെടുകയും സ്വർഗത്തിലേക്കു പോകുവാൻ ആഗ്രഹിക്കുകയും ചെയ്തിരുന്നു. അങ്ങനെ, നാം സ്വർഗത്തിനുവേണ്ടി മാനസാന്തരപ്പെട്ടു. ഇത് തെറ്റായ സുവിശേഷത്തിന്റെ പ്രസംഗമാണ്, കാരണം മാനസാന്തരം സ്വർഗത്തിനുവേണ്ടിയല്ല, രാജ്യത്തിനുവേണ്ടിയാണ്.

### B. നാം രാജ്യത്തിലേക്ക് വീണ്ടുംജനിച്ചിരിക്കുന്നു

നാം രാജ്യത്തിലേക്ക് പുനർജനിച്ചു, വീണ്ടുംജനിച്ചു. യോഹന്നാൻ 3:5-ൽ കർത്താവായ യേശു പറഞ്ഞു, "സത്യമായി സത്യമായി ഞാൻ നിന്നോടു പറയുന്നു, വെള്ളത്താലും ആത്മാവിനാലും ജനിക്കാതെ ഒരുവന് ദൈവരാജ്യത്തിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല." വീണ്ടുംജനനം സ്വർഗത്തിലേക്കു പോകുന്നതിനു വേണ്ടിയാണെന്ന് നമ്മിൽ അനേകരോടും തെറ്റായി പറഞ്ഞിരുന്നു. വീണ്ടുംജനനം ദൈവരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനു വേണ്ടിയാണെന്ന് ഇവിടെ നാം വ്യക്തമായി കാണുന്നു.

### C. രാജ്യത്തിലേക്ക് നാം മാറ്റപ്പെട്ടിരിക്കുന്നു

കൊലൊസ്സ്യർ 1:13 പറയുന്നു, "അവൻ ഇരുട്ടിന്റെ അധികാരത്തിൽനിന്നു നമ്മെ വിടുവിച്ച്, തന്റെ സ്നേഹപുത്രന്റെ രാജ്യത്തിലേക്ക് മാറ്റിയിരിക്കുന്നു." നാം സാത്താന്റെ ഇരുട്ടിന്റെ രാജ്യമെന്ന ഒരു രാജ്യത്തിൽനിന്നും ദൈവത്തിന്റെ സ്നേഹപുത്രന്റെ രാജ്യമെന്ന മറ്റൊരു രാജ്യത്തിലേക്ക് മാറ്റപ്പെട്ടിരിക്കുന്നുവെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു.

### D. സഭാജീവിതം ഇന്ന് ദൈവരാജ്യമാകുന്നു

സഭയിൽ, ഇന്നു നാം ദൈവരാജ്യത്തിലാണ് ജീവിക്കുന്നത്. ഇന്നത്തെ സഭാജീവിതം രാജ്യമാണെന്ന ശക്തമായ ഒരു തെളിവാണ് റോമർ 14:17: "ദൈവരാജ്യം ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള

സന്തോഷവും അത്രേ." നാം ഇന്ന് ദൈവരാജ്യത്തിലാണെന്ന് വെളിപ്പാട് 1:9-ഉം തെളിയിക്കുന്നു: "നിങ്ങളുടെ സഹോദരനും യേശുവിലുള്ള കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണുതയിലും സഹപങ്കാളിയുമായ യോഹന്നാൻ എന്ന ഞാൻ...". യോഹന്നാൻ വെളിപ്പാടുപുസ്തകം എഴുതിയപ്പോൾ അവൻ അപ്പോഴേ ദൈവരാജ്യത്തിലായിരുന്നു. ഈ രണ്ടു വാക്യങ്ങളും സഭ ഇന്ന് ദൈവരാജ്യമാണെന്നതിന്റെ ശക്തമായ ഒരു തെളിവാണ്. എങ്കിലും നാം കാണാൻപോകുന്നതുപോലെ, നാം ഇന്ന് ഇപ്പോൾ സഭയിൽ ആയിരിക്കുന്നത് അതിന്റെ യാഥാർത്ഥ്യത്തിലുള്ള രാജ്യത്തിലാണ്, എന്നാൽ ഭാവിയിലുള്ള ക്രിസ്തുവിന്റെ മടങ്ങിവരവോടുകൂടെ അതിന്റെ പ്രത്യക്ഷതയിലുള്ള രാജ്യം വരും.

Wed ➳

## V. രാജ്യത്തിന്റെ യാഥാർത്ഥ്യവും പ്രത്യക്ഷതയും

രാജ്യത്തെ സംബന്ധിച്ചുള്ള പുതിയനിയമ സത്യങ്ങൾ നമുക്ക് മനസ്സിലാകണമെങ്കിൽ, രാജ്യത്തിന്റെ രണ്ടു മുഖ്യ വശങ്ങൾ—അതിന്റെ യാഥാർത്ഥ്യത്തിന്റെ വശവും അതിന്റെ പ്രത്യക്ഷതയുടെ വശവും—നാം തിരിച്ചറിയണം. സഭയിൽ ഇന്ന് പ്രത്യക്ഷതയിലുള്ള രാജ്യം നമുക്കില്ല; യാഥാർത്ഥ്യത്തിലുള്ള രാജ്യമാണ് നമുക്കുള്ളത്. പുറമെയുള്ള കാഴ്ചപ്രകാരം മനുഷ്യർക്ക് സഭയിലുള്ള രാജ്യത്തെ കാണുവാൻ കഴിയുകയില്ല. എന്നിരുന്നാലും, നമ്മുടെ ഇടയിൽ രാജ്യം ഒരു യാഥാർത്ഥ്യമാണ്.

### A. രാജ്യത്തിന്റെ യാഥാർത്ഥ്യം ഇന്ന് സഭാജീവിതത്തിൽ ഒരു അഭ്യസനവും ശിക്ഷണവും ആകുന്നു

രാജ്യത്തിന്റെ യാഥാർത്ഥ്യം, അതിന്റെ യാഥാർത്ഥ്യത്തിലുള്ള രാജ്യം, ഇന്ന് സഭാജീവിതത്തിൽ നമുക്ക് ഒരു അഭ്യസനവും ശിക്ഷണവും ആണ് (മത്താ. 5:3, 10, 20; 7:21). നിങ്ങൾ കടയിൽനിന്നും ഒരു സാധനം വാങ്ങുന്നുവെന്നും കടക്കാരൻ ബാക്കിയായി തരാനുള്ള തുകയിൽനിന്നും അല്പം അധികം തുക നിങ്ങൾക്കു തന്നുവെന്നും സങ്കല്പിക്കുക. നിങ്ങൾ അഭ്യസിക്കുന്നവനും രാജ്യത്താൽ ഭരിക്കപ്പെടുന്നവനുമാണെങ്കിൽ, അധികമായി കിട്ടിയ തുക അപ്പോൾത്തന്നെ നിങ്ങൾ മടക്കിനല്കും. ഇത് രാജ്യത്തിൻ യാഥാർത്ഥ്യത്തിലുള്ള ഭരണത്തിന്റെ ഒരു അനുഭവമാണ്, അത് ഒരു അഭ്യസനവും ഒരു ശിക്ഷണവുമാണ്.

ഇന്നത്തെ ക്രിസ്തുമതത്തിന്റെ സാഹചര്യം വളരെ പരിതാപകരമാണ്, കാരണം സകലവും കൃപ നിമിത്തമാണ്, പരിശീലനത്തിന്റെയോ, അഭ്യാസത്തിന്റെയോ, ശിക്ഷണത്തിന്റെയോ ആവശ്യമില്ല എന്നു ചിന്തിക്കുന്നതുമൂലം അനേകം ക്രിസ്ത്യാനികളും മത്തരാക്കപ്പെട്ടിരിക്കുന്നു. എന്നാൽ രാജ്യത്തിന്റെ യാഥാർത്ഥ്യത്തിന്റെ ശിക്ഷണത്തിലൂടെയും

അഭ്യസനത്തിലൂടെയും സഭാജീവിത്തിന്റെ നിലവാരം നാം ഉയർത്തണമെന്ന് നാം തിരിച്ചറിയുന്നു. വർഷങ്ങളായി നമ്മിൽ അനേകരിലും കർത്താവിന്റെ കൃപ പ്രവർത്തിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അവന്റെ പ്രത്യുദ്ധാരത്തിൽ വലിയൊരു അഭിവൃദ്ധി ഉണ്ടെന്നതിനായി ഞാൻ കർത്താവിന് നന്ദി പറയുന്നു. എന്നിരുന്നാലും, ഇനിയും നാം നിലവാരം ഉയർത്തണം. നാം ഇതു ചെയ്യുന്നുവെങ്കിൽ, നമ്മുടെ ആർപ്പുവിളിക്കുന്ന ദൂതന്മാർ വളരെ സന്തോഷമുള്ളവരായിരിക്കും, കാരണം ഒരുകൂട്ടം വിശ്വാസികൾ ദൈവത്തിന്റെ നിത്യോദ്ദേശ്യത്തെ സംബന്ധിച്ച് വളരെ ഗൗരവമുള്ള വരാണെന്ന് അവർ കാണും. നമുക്കിന്ന് രാജ്യത്തിനുവേണ്ടിയുള്ള ശിക്ഷണം എത്ര ആവശ്യമായിരിക്കുന്നു!

## B. രാജ്യത്തിന്റെ പ്രത്യക്ഷത വരുന്ന യുഗത്തിലെ സഹസ്രാബ്ദ രാജ്യത്തിൽ ഒരു പ്രതിഫലവും ആസ്വാദനവും ആകുന്നു

രാജ്യത്തിന്റെ പ്രത്യക്ഷത, അതിന്റെ പ്രത്യക്ഷതയിലുള്ള രാജ്യം, വരുന്ന യുഗത്തിലെ സഹസ്രാബ്ദരാജ്യത്തിൽ നമുക്കുള്ള ഒരു പ്രതിഫലവും ആസ്വാദനവും ആയിരിക്കും. (മത്താ. 16:27; 25:21, 23). ഇന്ന് രാജ്യത്തിന്റെ യാഥാർഥ്യത്തിൽ നുക്ക് അഭ്യസനവും ശിക്ഷണവും ഉണ്ട്. വരുന്ന യുഗത്തിൽ, രാജ്യത്തിന്റെ പ്രത്യക്ഷതയിൽ, നമുക്ക് ഒരു പ്രതിഫലവും ആസ്വാദനവും ഉണ്ടായിരിക്കും. മത്തായി 16:27 അതിന്റെ സന്ദർഭത്തിൽ നാം വായിക്കുന്നുവെങ്കിൽ, തന്റെ വേലയനുസരിച്ച് ഓരോ മനുഷ്യനും പ്രതിഫലം കൊടുക്കാനുള്ള കർത്താവിന്റെ വരവ് രാജ്യത്തിന്റെ പ്രത്യക്ഷതയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് നാം കാണും. മത്തായി 25:21-ലും 23-ലും വിശ്വസ്തരായ തന്റെ ദാസന്മാരോട് കർത്താവു പറയുന്നു, "നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ നന്നായി ചെയ്തിരിക്കുന്നു. നീ അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക." കർത്താവിന്റെ സന്തോഷത്തിലെക്കു പ്രവേശിക്കുന്നത് ആയിരം വർഷക്കാലം രാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കുന്നതാണ്.

## C. ഇന്ന് ആത്മാവിന്റെ അഭ്യസനവും ദൈവത്തിന്റെ ശിക്ഷണവും എടുക്കുന്നതും വരുന്ന യുഗത്തിൽ കർത്താവിന്റെ പ്രതിഫലം സ്വീകരിക്കുന്നതും ശബ്ബത്തിൻ സ്വസ്ഥതയിലേക്ക് പ്രവേശിക്കുന്നതും

രാജ്യത്തിന്റെ യാഥാർഥ്യത്തിൽ നാം ഇന്ന് ആത്മാവിന്റെ അഭ്യസനവും ദൈവത്തിന്റെ ശിക്ഷണവും എടുക്കുന്നുവെങ്കിൽ, വരുന്ന യുഗത്തിലെ രാജ്യത്തിന്റെ പ്രത്യക്ഷതയിൽ നാം കർത്താവിന്റെ പ്രതിഫലം സ്വീകരിക്കുകയും വരാനിരിക്കുന്ന

ശബ്ബത്തിൻ സ്വസ്ഥതയിലേക്ക് പ്രവേശിക്കുകയും ചെയ്യും. ആത്മാവിന്റെ അദ്ധ്യസനവും ദൈവത്തിന്റെ ശിക്ഷണവും ഇന്ന് നാം സ്വീകരിക്കുന്നില്ലെങ്കിൽ, ഒരു പ്രതിഫലമായ വരാനിരിക്കുന്ന രാജ്യത്തെ അതിന്റെ പ്രത്യക്ഷതയിൽ നാം നഷ്ടമാക്കും. കർത്താവിന്റെ മടങ്ങിവരവിങ്കൽ രാജ്യത്തിന്റെ പ്രത്യക്ഷത നാം പ്രതിഫലമായി സ്വീകരിക്കുകയില്ല; സഹസ്രാബ്ദരാജ്യത്തിലെ ക്രിസ്തുവിന്റെ വാഴ്ചയിൽ പങ്കെടുക്കുന്നതിന് രാജ്യത്തിന്റെ തേജസ്സിലേക്ക് പ്രവേശിക്കുവാൻ നമുക്ക് അവകാശം ഉണ്ടായിരിക്കുകയില്ല; വരുന്ന യുഗത്തിൽ ഭൂമിയെ അവകാശമാക്കാനുള്ള നമ്മുടെ ജന്മാവകാശവും, അവന്റെ പ്രത്യക്ഷമായ തേജസ്സിൽ ദൈവത്തെയും ക്രിസ്തുവിനെയും സേവിക്കുന്ന രാജകീയ പുരോഹിതന്മാരായിരിക്കുന്നതും, അവന്റെ ദിവ്യാധികാരത്തോടുകൂടെ സകല രാജ്യങ്ങളുടെയുംമേൽ ക്രിസ്തുവിനോടുകൂടെ ഭരിക്കുന്ന സഹരാജാക്കന്മാരായിരിക്കുന്നതും നാം നഷ്ടമാക്കും (വെളി. 20:4, 6).

## D. വരുവാനുള്ള രാജ്യത്തിൽ എത്താതിരിക്കുന്നതും വരുന്ന യുഗത്തിൽ നമ്മുടെ ജന്മാവകാശം നഷ്ടപ്പെടുത്തുന്നതും നാം പ്രതിഫലം നഷ്ടമാക്കുമെന്ന് അർഥമാക്കുന്നു

വരുവാനുള്ള രാജ്യത്തിൽ എത്താതിരിക്കുകയും വരുന്ന യുഗത്തിലുള്ള നമ്മുടെ ജന്മാവകാശം നഷ്ടപ്പെടുത്തുകയും ചെയ്യുന്നതിന്റെ അർഥം നാം നശിച്ചുപോകുമെന്നല്ല, പിന്നെയോ നാം പ്രതിഫലം നഷ്ടമാക്കുമെന്നാണ്. നാം പ്രതിഫലം നഷ്ടമാക്കുമെങ്കിലും, നമ്മുടെ രക്ഷ ഒരിക്കലും നഷ്ടപ്പെടുത്തുകയില്ല (1 കൊരി. 3:14-15). നമ്മുടെ രക്ഷ എന്നേക്കും സുരക്ഷിതമാണ്. എന്നാൽ നാം പ്രതിഫലവും രാജ്യത്തിന്റെ പ്രത്യക്ഷതയിൽ ജന്മാവകാശവും പ്രാപിക്കുമോ ഇല്ലയോ എന്നത് ഇന്നുള്ള നമ്മുടെ അദ്ധ്യസനത്തെ ആശ്രയിച്ചിരിക്കുന്നു.

## E. എബ്രായലേഖനത്തിലെ മുന്നറിയിപ്പുകൾ രാജ്യത്തിൻ പ്രതിഫലത്തിന്റെ നഷ്ടം സഹിക്കുന്നതിനെയും ദൈവത്താൽ ശിക്ഷിക്കപ്പെടുന്നതിനെയും പരാമർശിക്കുന്നു

നാം കണ്ടതുപോലെ, വരാനിരിക്കുന്ന രാജ്യത്തിലെ പ്രതിഫലത്തിന്റെ നഷ്ടം, നമ്മുടെ ജന്മാവകാശത്തിന്റെ നഷ്ടപ്പെടൽ, നാം നശിച്ചുപോകും എന്നർഥമാക്കുന്നില്ല. അത് അർഥമാക്കുന്നത് നാം പ്രതിഫലം നഷ്ടപ്പെടുത്തുകയും നഷ്ടം സഹിക്കുകയും ചെയ്യുമെങ്കിലും, അപ്പോഴും "രക്ഷിക്കപ്പെടും, എങ്കിലും തീയിലൂടെ എന്നപോലെയത്രേ" എന്നാണ് (1 കൊരി. 3:14-15). ഈ അടിസ്ഥാന ആശയത്തിന്മേലാണ് ഈ പുസ്തകത്തിലെ അഞ്ച് മുന്നറിയിപ്പുകൾ നല്കപ്പെട്ടിരിക്കുന്നതും, ഈ അടിസ്ഥാന ആശയമാണ് അവയിലെല്ലാം വ്യാപിച്ചിരിക്കുന്നതും (2:3; 4:1-11; 6:8; 10:27,

29-31; 12:25). ഈ മുന്നറിയിപ്പുകളുടെ സകല പ്രതിലോമപരമായ കാര്യങ്ങളും വരുന്ന രാജ്യത്തിലെ പ്രതിഫലത്തിന്റെ നഷ്ടം സഹിക്കുന്നതിനോടും ദൈവത്താൽ ശിക്ഷിക്കപ്പെടുന്നതിനോടും ബന്ധപ്പെട്ടിരിക്കുമ്പോൾ, അനുലോമപരമായ കാര്യങ്ങൾ രാജ്യത്തിന്റെ പ്രതിഫലത്തോടും രാജ്യത്തിന്റെ ആസ്വാദനത്തോടും ബന്ധപ്പെട്ടിരിക്കുന്നു. വെളിപ്പാട് 2-ലും 3-ലുമുള്ള ഏഴു ലേഖനങ്ങളും ഇതേ ആശയത്തോടുകൂടെയാണ് അവസാനിപ്പിച്ചിരിക്കുന്നത്— രാജ്യത്തിന്റെ പ്രതിഫലം അഥവാ അതിന്റെ നഷ്ടം. ഈ ആശയത്തോടുകൂടെ മാത്രമേ നമുക്ക് മത്തായി 5:20; 7:21-23; 16:24-27; 19:23-30; 24:46-51; 25:11-13, 21, 23, 26-30; ലൂക്കൊസ് 12:42-48; 19:17, 19, 22-27; റോമർ 14:10, 12; 1 കൊരിന്ത്യർ 3:8, 13-15; 4:5; 9:24-27; 2 കൊരിന്ത്യർ 5:10; 2 തിമൊഥെയൊസ് 4:7-8; എബ്രായർ 2:3; 4:1, 9, 11; 6:4-8; 10:26-31, 35-39; 12:16-17, 28-29; വെളിപ്പാട് 2:3; 4:1, 10-11, 17, 26-27; 3:4-5, 11-12, 20; 22:12 എന്നീ വേദഭാഗങ്ങൾ ശരിയായി മനസ്സിലാക്കുവാനും ശരിയായി പ്രയോഗിക്കുവാനും കഴിയുകയുള്ളൂ. ഈ ആശയത്തെക്കൂടാതെയുള്ള ഈ വാക്യങ്ങളുടെ വ്യാഖ്യാനം ഒന്നുകിൽ കാൽവിനിസ്റ്റ് ചിന്താഗതിക്കാരുടെ അങ്ങേയറ്റമുള്ള വസ്തുനിഷ്ടതയിലേക്കോ, അല്ലെങ്കിൽ അർമീനിയൻ ചിന്താഗതിക്കാരുടെ അങ്ങേയറ്റമുള്ള വ്യക്തിനിഷ്ടതയിലേക്കോ വീണുപോകുന്നു. ഈ രണ്ട് ചിന്താഗതിക്കാരും രാജ്യത്തിന്റെ പ്രതിഫലത്തെ കണ്ടിട്ടില്ല, അതിലധികമായി, അവർ രാജ്യത്തിൻ പ്രതിഫലത്തിന്റെ നഷ്ടത്തെയും കണ്ടിട്ടില്ല. ഇക്കാരണത്താൽ, ഈ വാക്യങ്ങളിലെ പ്രതിലോമപരമായ കാര്യങ്ങളെ അവർ നിത്യനാശമായി കണക്കാക്കുന്നു. നിത്യരക്ഷയിൽ വിശ്വസിക്കുന്ന കാൽവിനിസ്റ്റ് ചിന്താഗതിക്കാർ (അതായത്, ഒരിക്കൽ ഒരു വ്യക്തി രക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ അവൻ നശിച്ചുപോകയില്ല) ഈ എല്ലാ പ്രതിലോമ കാര്യങ്ങളെയും വ്യാജമായ വിശ്വാസികളുടെ നിത്യനാശത്തോടു പരാമർശിക്കുന്നു; എന്നാൽ രക്ഷിക്കപ്പെട്ട ഒരു വ്യക്തി വീണുപോയാൽ നശിച്ചുപോകുമെന്നു വിശ്വസിക്കുന്ന അർമേനിയൻ ചിന്താഗതിക്കാർ അവയെ വീണുപോയ രക്ഷിക്കപ്പെട്ട വ്യക്തികളുടെ നിത്യനാശത്തോടു ബാധകമാക്കുന്നു. എന്നാൽ വേദപുസ്തകത്തിന്റെ മുഴുവൻ വെളിപാടും ഈ പ്രതിലോമ കാര്യങ്ങളെ രാജ്യത്തിൻ പ്രതിഫലത്തിന്റെ നഷ്ടം സഹിക്കുന്ന കാര്യത്തോടു പരാമർശിക്കുന്നു. രക്ഷ നിത്യമാണ്: ഒരിക്കൽ ലഭിച്ചാൽ നമുക്ക് അത് ഒരിക്കലും നഷ്ടപ്പെടുന്നില്ല (യോഹ. 10:28-29). എന്നാൽ നാം രക്ഷിക്കപ്പെട്ടിരിക്കുമ്പോഴും രാജ്യത്തിൻ പ്രതിഫലം നാം നഷ്ടപ്പെടുത്തിയേക്കാം (1 കൊരി. 3:8, 14-15). എബ്രായലേഖനത്തിലെ എല്ലാ മുന്നറിയിപ്പുകളും നിത്യരക്ഷയുടെ നഷ്ടത്തെയല്ല, രാജ്യത്തിൻ പ്രതിഫലം നഷ്ടപ്പെടുത്തുന്നതിനെയാണ് പരാമർശിക്കുന്നത്. എബ്രായ വിശ്വാസികൾ

രാജ്യം സ്വീകരിച്ചിരുന്നുവെങ്കിലും, അവർ ദൈവകൃപയിൽനിന്നും, ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ വഴിയിൽനിന്നും പിൻവാങ്ങിയെങ്കിൽ രാജ്യത്തിന്റെ പ്രത്യക്ഷതയിലുള്ള പ്രതിഫലം അവർ നഷ്ടപ്പെടുത്തുമായിരുന്നു. ചഞ്ചലിച്ചിരുന്ന എബ്രായ വിശ്വാസികളെ സംബന്ധിച്ച എഴുത്തുകാരന്റെ മുന്നറിയിപ്പിന്റെ മുഖ്യമായ ആശങ്ക ഇതായിരുന്നു.

ചില ക്രിസ്റ്റീയ ഉപദേഷ്ടാക്കന്മാർ പറയുന്നത് മത്തായി 25-ലെ മടിയനായ ദാസൻ ഒരു വ്യാജ ദാസനായിരുന്നു എന്നാണ്. എന്നാൽ ഇത് യുക്തിക്ക് നിരക്കാത്തതാണ്. നിങ്ങളുടെ മക്കളിൽ ഒരുവൻ മടിയനാണെങ്കിലും അവൻ വ്യാജനാണെന്ന് അതിനർഥമില്ല. ചില ക്രിസ്റ്റീയ ഉപദേഷ്ടാക്കന്മാർ രാജ്യത്തിൻ പ്രതിഫലത്തിന്റെ വിഷയം കാണുന്നില്ല എന്നതിനാൽ മടിയനായ ദാസൻ ഒരു വ്യാജ ദാസനാണെന്ന് അവർക്ക് പറഞ്ഞേ തീരൂ. അതിനു വിരുദ്ധമായി, ചിലർ പറയുന്നത് മടിയനായ ദാസൻ വീണുപോയവനും തന്റെ രക്ഷ നഷ്ടപ്പെടുത്തിയവനുമായ ഒരു യഥാർഥ ദാസനാകുന്നു എന്നാണ്.

ദൈവത്തിന്റെ പ്രാരംഭത്തിലെ ഇംഗിതം തന്റെ സ്വരൂപത്തോടുകൂടെ തന്നെ ആവിഷ്കരിക്കുവാനും തന്റെ ആധിപത്യത്തോടുകൂടെ തന്നെ പ്രതിനിധീകരിക്കുവാനും, ഭൂമിയെ കൈവശമാക്കുവാനും ഒരു സംഘാതമനുഷ്യൻ ഉണ്ടായിരിക്കണം എന്നതാണ്. ഇതാണ് ശരിയായ മനുഷ്യ ജീവിതം. ദൈവത്തിന്റെ പ്രാരാംഭത്തിലെ ഇംഗിതത്തിൽനിന്നും മനുഷ്യൻ വീണുപോയതുകൊണ്ട് നമ്മെ വീണ്ടെടുക്കുവാനും രക്ഷിക്കുവാനും ദൈവം കടന്നുവന്നു. ഇതാണ് ദൈവത്തിന്റെ രക്ഷ: ഇതിൽ മൂന്നു വശങ്ങളുള്ള ജന്മാവകാശമുണ്ട്: ദൈവത്തിന്റെ സ്വരൂപത്തോടുകൂടെ അവനെ ആവിഷ്കരിക്കുന്ന പുരോഹിതന്മാരായിരിക്കുന്നതും, ദൈവത്തിന്റെ ആധിപത്യത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുന്ന രാജാക്കന്മാരായിരിക്കുന്നതും, ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിനുവേണ്ടി നഷ്ടപ്പെട്ട ഭൂമിയെ പൂർണമായി കൈവശമാക്കുന്നതും. നാം ഈ ജന്മാവകാശത്തിൽ ജീവിക്കുന്നുവെങ്കിൽ, നാം സ്വതേതന്നെ ദൈവരാജ്യത്തിന്റെ യാഥാർഥ്യത്തിലായിരിക്കും, കാരണം ദൈവരാജ്യത്തിന്റെ യാഥാർഥ്യം ജന്മാവകാശത്തെ, പൂർണ്ണമായ ജന്മാവകാശത്തിന്റെ സാക്ഷാൽക്കാരത്തെ വെളിപ്പെടുത്തി ജീവിക്കുന്നതാണ്. എല്ലാ ക്രിസ്ത്യാനികളും ഈ വിഷയത്തിൽ ദൈവത്തോട് സഹകരിക്കുവാൻ മനസ്സില്ലാത്തവരായതിനാൽ ദൈവം തന്റെ ജ്ഞാനത്തിൽ ജന്മാവകാശത്തെ ഒരു പ്രതിഫലമാക്കുവാൻ തീരുമാനിച്ചു. നാം കൃപ എടുക്കുകയും, അതിവിശുദ്ധസ്ഥലത്തിലേക്ക് പ്രവേശിക്കുകയും, ദൈവവുമായി സഹകരിക്കുകയും ചെയ്യുമെങ്കിൽ, നാം നിശ്ചയമായും ജന്മാവകാശത്തെ

വെളിപ്പെടുത്തി ജീവിക്കും. അപ്പോൾ നാം വെളിപ്പെടുത്തി ജീവിക്കുന്നത് ഇന്ന് രാജ്യത്തിന്റെ യാഥാർത്ഥ്യമായിരിക്കും. ഇന്നു നാം വെളിപ്പെടുത്തി ജീവിക്കുന്ന യാഥാർത്ഥ്യം രാജ്യത്തിന്റെ പ്രത്യക്ഷതയിൽ നമ്മുടെ പ്രതിഫലമായിത്തീരും. ഇതാണ് ആരംഭത്തിലുള്ള ദൈവോദ്ദേശ്യത്തിന്റെ നിറവേറൽ. ഇത് നമ്മുടെ തികവും, തേജസ്കരണവും, വരുന്ന യുഗത്തിൽ നമ്മുടെ ദേഹിയെ നേടുന്നതും കൂടിയാണ്. തൽഫലമായി, ഉയർത്തപ്പെട്ടതും ഉയിർപ്പിക്കപ്പെട്ടതുമായ മനുഷ്യത്വത്തോടുകൂടെ നമുക്ക് ശരിയായ ഒരു മനുഷ്യ ജീവിതം ഉണ്ടായിരിക്കും. ഇതാണ് മുഴുവൻ വേദപുസ്തകത്തിന്റെയും നിർണ്ണായകമായ ദൃഷ്ടികേന്ദ്രം: വേദപുസ്തകം ഇക്കാര്യത്തിൽ വളരെ സ്ഥിരത പുലർത്തുന്നു. ഇവയെല്ലാം എങ്ങനെ നിറവേറ്റും? നാം നമ്മുടെ ആത്മാവിലേക്കു തിരിയുകയും, അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും, അവന്റെ സകല സമ്പത്തിലും ക്രിസ്തുവിനെ അനുഭവമാക്കുകയും, ജീവപ്രമാണം നമ്മെ അഭിവ്യാപിച്ചും, നമ്മെ സാന്ദ്രീകരിച്ചും, അവന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തിയും തേജസ്സിന്റെ ഒരു ഘട്ടത്തിൽനിന്നും മറ്റൊന്നിലേക്ക് നമ്മെ കൊണ്ടുപോകുവാൻ അനുവദിക്കുന്നതിലൂടെയും അത് നിറവേറും.

എബ്രായർ 12:29 പറയുന്നു, "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയുമല്ലോ." ദൈവം വിശുദ്ധനാണ്. വിശുദ്ധി അവന്റെ സ്വഭാവമാണ്. ദഹിപ്പിക്കുന്ന അഗ്നിയെന്ന നിലയിൽ, അവൻ തന്റെ പ്രകൃതവുമായി യോജിക്കാത്തതിനെയെല്ലാം ദഹിപ്പിക്കും. ദൈവത്തിന്റെ കാഴ്ചയിൽ സാമാന്യമായ (വിശുദ്ധമല്ലാത്ത) യെഹൂദമതത്തിലേക്ക് എബ്രായ വിശ്വാസികൾ തിരിയുന്നുവെങ്കിൽ, അത് അവരെ അശുദ്ധരാക്കുകയും, ദഹിപ്പിക്കുന്ന അഗ്നിയെന്ന നിലയിൽ വിശുദ്ധനായ ദൈവം അവരെ ദഹിപ്പിച്ചുകളയുകയും ചെയ്യുമായിരുന്നു. ദൈവം നീതിമാൻ മാത്രമല്ല, വിശുദ്ധനുമാണ്. ദൈവത്തിന്റെ നീതിയെ തൃപ്തിപ്പെടുത്തുവാൻ നാം ക്രിസ്തുവിന്റെ വീണ്ടെടുപ്പു മുഖാന്തരം നീതീകരിക്കപ്പെടണം. അവന്റെ വിശുദ്ധിയുടെ ആവശ്യകതകൾ സന്ധിക്കുന്നതിന് നാം വിശുദ്ധീകരിക്കപ്പെടണം, സ്വർഗീയനും, ഇപ്പോഴുള്ളവനും, ജീവിക്കുന്നവനുമായ ക്രിസ്തുവിനാൽ വിശുദ്ധരാക്കപ്പെടണം. റോമാലേഖനം ദൈവത്തിന്റെ നീതിക്കുവേണ്ടി (റോമ. 3:25-26) നീതീകരണം എന്ന വിഷയത്തിന് ഊന്നൽ നല്കുമ്പോൾ (റോമ. 3:24), എബ്രായലേഖനം ദൈവത്തിന്റെ വിശുദ്ധിക്കുവേണ്ടി (12:14) വിശുദ്ധീകരണം എന്ന വിഷയത്തിന് ഊന്നൽകൊടുക്കുന്നു (2:11; 10:10, 14, 219; 13:12). ഇതിനായി എബ്രായ വിശ്വാസികൾ അശുദ്ധമായ യെഹൂദമതത്തിൽനിന്നും പുതിയ ഉടമ്പടിയിൻകീഴിൽ പുത്രനിൽ സ്വയം ആവിഷ്കരിച്ച വിശുദ്ധനായ ദൈവത്തിങ്കലേക്ക് തങ്ങളെത്തന്നെ വേർപെടുത്തണമായിരുന്നു;

അല്ലെങ്കിൽ, അവർ തങ്ങളുടെ പഴയ, അശുദ്ധമായ മതത്താൽ അശുദ്ധമാകുകയും, വിശുദ്ധനായ ദൈവത്തെ ദഹിപ്പിക്കുന്ന അഗ്നിയായി സഹിക്കുകയും ചെയ്യുമായിരുന്നു. അത് "ഭയാനകം" (10:31) ആകുമായിരുന്നു! "കർത്താവിനെ ഭയപ്പെടുന്നതിനെ"ക്കുറിച്ച് പൗലൊസ് വളരെയധികം ആശങ്കയുള്ളവനായിരുന്നതിൽ അത്ഭുതപ്പെടാനില്ല (2 കൊരി. 5:11).

എബ്രായലേഖനത്തിന്റെ ദൃഷ്ടികേന്ദ്രം ദൈവത്തിന്റെ ദിവ്യ സ്വഭാവത്തിലേക്ക് നമ്മെ കൊണ്ടുവരിക എന്നതാണ്. ഇതിൽ നാം ദൈവത്തോട് സഹകരിക്കുന്നില്ലെങ്കിൽ, നാം അവന്റെ ഭരണനിർവഹണത്തെ ലംഘിക്കുകയായിരിക്കും. ദൈവത്തിന്റെ ഭരണനിർവഹണത്തെ ലംഘിക്കുന്നത് ഭരണപരമായ ഒരു വിഷയമാണ്. ദൈവത്തിന്റെ പ്രമാണത്തെ ലംഘിക്കുന്നത് അവന്റെ ഭരണകൂടത്തെ ലംഘിക്കുന്ന അത്രയും ഗൗരവമുള്ളതല്ല. തന്റെ ഭരണപരമായ വ്യവസ്ഥയിൽ നാം ദൈവത്തോട് സഹകരിക്കാതെ അവന്റെ ഭരണകൂടത്തെ ലംഘിക്കുന്നുവെങ്കിൽ അവൻ നമ്മെ ശിക്ഷിക്കുമെന്ന് ദൈവം വെളിപ്പെടുത്തിയിരിക്കുന്നു. അനുലോമവശത്ത് നാം രാജ്യത്തിൻ പ്രതിഫലം നഷ്ടമാക്കുമെന്നും പ്രതിലോമവശത്ത് നാം ശിക്ഷ സഹിക്കുമെന്നും ഇത് അർഥമാക്കുന്നു. നാം എടുക്കുകയും, ഓടുകയും കടന്നുപോകുകയും ചെയ്യേണ്ട വഴിയും, ഓട്ടവും, പാതയും എബ്രായർ 10-ലും 12-ലും നാം കാണുന്നു. ഈ അധ്യായങ്ങളിൽ നാം ശിക്ഷയെയും പ്രതിഫലത്തെയും, രാജ്യത്തെയുംകൂടി കാണുന്നു. ഈ മൂന്നു കാര്യങ്ങൾ ഈ പുസ്തകത്തിന്റെ രചനയിലുള്ള അടിസ്ഥാന ആശയത്തിന്റെ നിർണായക വശങ്ങളാണ്.

എബ്രായലേഖനംപോലെ പുതിയനിയമത്തിലെ മറ്റൊരു പുസ്തകവും ഇത്ര വ്യക്തമായി ദൈവത്തിന്റെ വ്യവസ്ഥയുടെ ദൃഷ്ടികേന്ദ്രത്തെ വെളിപ്പെടുത്തുന്നില്ല, കാരണം വേറൊരു പുസ്തകവും അതിവിശുദ്ധസ്ഥലത്തിലേക്കും പെട്ടകത്തിലെ ജീവപ്രമണത്തിലേക്കും നമ്മെ വിരൽചൂണ്ടുന്നില്ല. റോമർ 8:2 ജീവന്റെ ആത്മാവിന്റെ പ്രമാണത്തെ പ്രതിപാദിക്കുന്നുവെങ്കിലും റോമാലേഖനത്തെക്കാൾ വളരെയധികം സമഗ്രമായി ജീവപ്രമാണത്തെക്കുറിച്ച് സംസാരിക്കുന്നത് എബ്രായലേഖനമാണ്. ഈ പുസ്തകത്തിൽ കാണുന്നതുപോലെ ദൈവത്തിന്റെ വ്യവസ്ഥയുടെ വെളിപാടിനെ സ്വീകരിക്കുവാൻ എബ്രായലേഖനത്തിന്റെ എഴുത്തുകാരൻ നമുക്ക് മുന്നറിയിപ്പ് തരുന്നു. നാം അത് സ്വീകരിക്കുന്നുവെങ്കിൽ, നാം രാജ്യത്തിന്റെ പ്രത്യക്ഷതയിൽ ഒരു പ്രതിഫലം പ്രാപിക്കും. നാം അത് സ്വീകരിക്കുന്നില്ലെങ്കിൽ, ദൈവത്തിന്റെ ഭരണപരമായ വ്യവസ്ഥയെ നാം ലംഘിച്ചതുനിമിത്തം ഏതാനും ശിക്ഷ അനുഭവിക്കും. സാരാംശീകരിക്കുവാനുള്ള ഇന്ദ്രിയം

ഇല്ലാത്തവർക്കും, അതിനെ അഭ്യസിക്കുവാൻ പരാജയപ്പെടുന്നവർക്കും ഇത് കാണുവാൻ കഴിയുകയില്ല. ഈ വിഷയത്തെക്കുറിച്ച് നാം വളരെ ഗൗരവമുള്ളവരും സമചിത്തരും ആയിരിക്കുമ്പോൾ നിരവധി ക്രിസ്ത്യാനികളും അങ്ങനെയല്ല. സ്വർഗീയ വെളിപാടിന്റെ പ്രകാശനത്തിൻകീഴിൽ ഈ ദൂതുകളിലുള്ളത് നാം കാണുകയായിരുന്നതിനാൽ നേർപാതകളിൽ ഓട്ടം ഓടുന്നതിനെക്കുറിച്ച് നാം ഗൗരവമുള്ളവരും സുബോധമുള്ളവരും ആയിരിക്കണം. നാം ഇന്ന് ഓടുന്ന വഴി നമ്മുടെ ഭാവി ഭാഗധേയത്തെ നിർണയിക്കും.

നമ്മുടെ ഭാവി ഭാഗധേയത്തെക്കുറിച്ച് നാം ആശങ്കയുള്ളവരാണെങ്കിലും, നമുക്ക് കർത്താവിനോട് ഇങ്ങനെ പറയുവാനുള്ള കൃപയുണ്ടായിരിക്കണം, "കർത്താവേ, നിന്റെ കൃപയാൽ എന്റെ ഭാഗധേയത്തെക്കുറിച്ച് ഞാൻ കരുതുന്നില്ല—നിന്റെ വ്യവസ്ഥയെക്കുറിച്ച് ഞാൻ കരുതുന്നു. എന്റെ ഭാഗധേയത്തെക്കുറിച്ച് നീ കരുതണം, ഞാൻ നിന്റെ വ്യവസ്ഥയെക്കുറിച്ചു കരുതിക്കൊള്ളാം. കർത്താവേ, എന്റെ ഭാവി ഭാഗധേയത്തിനുവേണ്ടിയല്ല, ഇന്ന് നിന്റെ വ്യവസ്ഥയ്ക്കുവേണ്ടി നീയുമായി സഹകരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. വർഷങ്ങളായി നിർവഹിക്കപ്പെടാത്ത നിന്റെ വ്യവസ്ഥ ഈ നാളുകളിൽ നിവർത്തിയാകുന്നത് കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു." നമ്മുടെ ഇടയിൽ ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറത്തക്കവണ്ണം നമുക്കെല്ലാവർക്കും ഇങ്ങനെയുള്ള വ്യക്തമായ ഒരു ദർശനം ഉണ്ടായിരിക്കുകയും അതിലേക്ക് കൊണ്ടുവരപ്പെടുകയും വേണം. തന്റെ സത്യസന്ധരായ അന്വേഷകരുടെ ഒരു കൂട്ടം ജീവപ്രമാണത്തിന്റെ പ്രവർത്തനം അനുഭവമാക്കുകയും അങ്ങനെ പ്രാമാണിക മാതൃകയായ തന്റെ ആദ്യജാതനായ പുത്രന്റെ സംഘാത പുനരുല്പാദനമായിത്തീരുകയും ചെയ്യത്തക്കവണ്ണം അവരെ അതിവിശുദ്ധസ്ഥലത്തേക്കു കൊണ്ടുവരുവാൻ ദൈവം ആഗ്രഹിക്കുന്നു. കർത്താവിന്റെ മടങ്ങിവരവ് ഈ സംഘാത പുനരുല്പാദനത്തെ ആശ്രയിച്ചിരിക്കുന്നു. ഇത് നിവർത്തിക്കപ്പെടാതെ കർത്താവു മടങ്ങിവരുന്നത് അസാധ്യമാകുന്നു. പ്രാമാണിക മാതൃകയുടെ പുനരുല്പാദനം അവനുണ്ടായിരിക്കുന്നത് നമ്മുടെ ഉള്ളിലെ ജീവപ്രമാണത്തിന്റെ പ്രവർത്തനത്തെ ആശ്രയിച്ചിരിക്കുന്നു. നാം കണ്ടതുപോലെ ജീവപ്രമാണം പുറത്തെ പ്രാകാരത്തിലോ വിശുദ്ധസ്ഥലത്തോ അല്ല: അത് അതിവിശുദ്ധസ്ഥലത്തുള്ള സാക്ഷ്യപെട്ടകത്തിലാണുള്ളത്. അതുകൊണ്ട്, നാം അതിവിശുദ്ധസ്ഥലത്തേക്കു പ്രവേശിക്കുകയും, സാക്ഷ്യപെട്ടകത്തിലേക്ക് ആഴ്ന്നിറങ്ങുകയും, ജീവപ്രമാണത്തെ അനുഭവമാക്കുകയും വേണം. ജീവപ്രമാണം എവിടെയാണെന്ന് നമുക്കറിയാം—അത് നമ്മുടെ ആത്മാവിലാണ്. ഇപ്പോൾ നാം ഇങ്ങനെ പറയേണ്ട ആവശ്യമേയുള്ളൂ, "കർത്താവേ, നിന്റെ കരുണയാലും കൃപയാലും, നീയുമായി സഹകരിക്കുവാൻ ഞാൻ

ഇവിടെയായിരിക്കുന്നു. നിനക്ക് മുന്നോട്ടുപോകുവാൻ ഞാൻ ഒരുക്കമുള്ളവനാണ്. കർത്താവേ, നിനക്ക് കഴിയുന്നതും നീ ഇഷ്ടപ്പെടുന്നതുമായ സകലവും ചെയ്യേണമേ. ഞാൻ എന്റെ ഭാവി ഭാഗധേയത്തിനുവേണ്ടി കരുതുന്നില്ല. ഇന്നത്തെ വ്യവസ്ഥയിലെ നിന്റെ പ്രത്യുദ്ധാരത്തിനുവേണ്ടി, സഭാജീവിതത്തിന്റെ ശരിയായ പ്രത്യുദ്ധാരത്തിനുവേണ്ടി മാത്രം ഞാൻ കരുതുന്നു. കർത്താവേ, നിന്റെ എല്ലാ അന്വേഷകരും നിന്റെ ഹിതത്തിന്റെ നിറവേറലിനുവേണ്ടി ഈ വഴിയിലേക്ക് കൊണ്ടുവരപ്പെടട്ടെ." ഇതാണ് ഇന്ന് തന്റെ വ്യവസ്ഥയിലുള്ള കർത്താവിന്റെ പ്രത്യുദ്ധാരം.